# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതി**

5488 ശ്രീ. ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ഈ പദ്ധതിക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ശുദ്ധജല സമൃദ്ധിക്കായി പ്രത്യേക പദ്ധതി</u>

5489 ശ്രീ. വി. പി. സജീന്ദ്രൻ
'' റ്റി. എൻ. പ്രതാപൻ
'' സി. പി. മുഹമ്മദ്
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല സമൃദ്ധിക്കായി എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ;

(സി) മഴവെള്ള സംഭരണം പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതിയിൽ ഊന്നൽ നൽകുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**കേന്ദ്ര ജലനയം**

**5490 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജലനയം പ്രസിദ്ധീകരിച്ചത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജലനയം സംബന്ധിച്ച് സംസ്ഥാനത്തെ പൊതുജനങ്ങൾക്കിടയിൽ അഭിപ്രായം ആരായുന്നതിന് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) ജലം ഒരു വാണിജ്യ ഉല്പന്നമാണെന്ന കേന്ദ്ര ജലനയത്തിലെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇപ്രകാരമുള്ള വെളിപ്പെടുത്തലുകളുള്ള കേന്ദ്ര ജലനയത്തെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>ദേശീയ ജലനയം</u>**

**5491 ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ കരട് ജലനയത്തില്‍ ജലവിതരണ കാര്യത്തില്‍ സര്‍ക്കാര്‍ സേവന ദാതാവ് എന്ന നിലയില്‍ നിന്ന് മാറി നിയന്ത്രിതാവ് എന്ന നിലയില്‍ പ്രവര്‍ത്തിക്കണമെന്ന് നിര്‍ദ്ദേശമുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ?

(ബി) ഈ നയം സംബന്ധിച്ച് സംസ്ഥാന സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളം</u>

5492 ശ്രീ. സണ്ണി ജോസഫ്
'' റ്റി. എൻ. പ്രതാപൻ
'' സി. പി. മുഹമ്മദ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടൽ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**എല്ലാ കുടുംബങ്ങൾക്കും പൈപ്പുവഴി കുടിവെള്ള വിതരണം**

5493

ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും പൈപ്പുവഴി വിതരണം ചെയ്യുന്ന കുടിവെള്ളം എത്തിക്കാൻ എന്തെല്ലാം നടപടികൾ എടുക്കാനാണുദ്ദേശിക്കുന്നത്;

(ബി) ഇതിനുവേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ;

(സി) പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**മുല്ലപ്പെരിയാർ ഡാമിൽ അറ്റകുറ്റപ്പണികൾ**

**5494 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അടുത്ത കാലത്ത് തമിഴ്നാട് സർക്കാർ അനുവാദം ചോദിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം പ്രവൃത്തികൾക്ക് ; ആയതിന് കേരളം അനുമതി നൽകിയിട്ടുണ്ടോ ;

(ബി) അനുമതി നൽകുന്ന ജോലികൾ തന്നെയാണ് പ്രസ്തുത സ്ഥലത്ത് നടക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ; ഇത് പരിശോധിക്കാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ ;

(സി) മുല്ലപ്പെരിയാർ ഡാമിൽ അത്യാവശ്യ ജോലികളുടെ മറവിൽ ഡാം ബലപ്പെടുത്താനുള്ള ജോലികൾ നടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>നദികളുടെ മലിനീകരണം</u>

5495 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ
,, കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തളളുന്ന മാലിന്യങ്ങൾ നദികളിലും മറ്റും ഒഴുകി എത്തുന്നതുമൂലം ജലം മലിനമാകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നദികളും ജലസ്രോതസ്സുകളുമാണ് മലിനപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം മലിനീകരണം തടയുന്നതിനുളള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിനായുളള ഏതെങ്കിലും പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും എന്ത് തുകയുടെ സഹായം പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ പുതിയ ഡാമിന് പരിസ്ഥിതി ആഘാത പഠനം</u>

5496 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, പുരുഷൻ കടലുണ്ടി
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പുതിയ ഡാമിന് വേണ്ടിവരുന്ന അധിക മേഖലയിലെ പരിസ്ഥിതി ആഘാത പഠനം എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നാണ് കരുതുന്നത്;

(ബി) ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് സുപ്രീംകോടതി മുമ്പാകെയിരിക്കുന്ന സാഹചര്യത്തിൽ ഈ റിപ്പോർട്ടിന്മേൽ സംസ്ഥാനത്തിന്റെ നിലപാട് സുപ്രീം കോടതിയെ അറിയിക്കുന്ന കാര്യത്തിൽ നിയമസാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മഴവെള്ള സംഭരണി നിർമ്മാണത്തിന് സഹായം**

**5497 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ഫ്ളാറ്റുകൾക്കും സ്ഥാപനങ്ങൾക്കും മഴവെള്ള സംഭരണി</u>

5498 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്ളാറ്റുകൾക്കും സ്ഥാപനങ്ങൾക്കും മഴ വെള്ള സംഭരണി നിർബന്ധമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായിച്ചേർന്ന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി കർശന നിയമവ്യവസ്ഥയോടുകൂടിയുള്ള നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണിക്കുമോ;

(സി) വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മഴ വെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

### സുഗമമായ ജലവിതരണം

5499 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലവിതരണം സുഗമമാക്കുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം;

(ബി) ഊർജ്ജലാഭം നൽകുന്ന തരത്തിലുളള പമ്പുകൾ സ്ഥാപിക്കുന്നതിനും പ്രധാന കേന്ദ്രങ്ങളിൽ സ്റ്റാൻഡ്ബൈ ആയി പമ്പുകൾ കരുതുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

5500 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാങ്ങിയ മോട്ടോറുകളും പമ്പു സെറ്റുകളും സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) റ്റി.ഒ.ഡി. മീറ്ററുകൾ മുഴുവൻ സ്കീമുകളിലും വച്ചിട്ടുണ്ടോ;

(ഡി) ജീർണ്ണാവസ്ഥയിലുള്ള പമ്പ് ഹൗസുകൾ പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പൊട്ടിപ്പൊളിഞ്ഞ കനാൽ ബണ്ടുകളും റോഡുകളും പുനരുദ്ധരിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ;

(എഫ്) ഇതിൽ നിർമ്മാണം പൂർത്തിയാക്കാത്തവ ഏതെല്ലാമാണ്; നിലവിലുള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദവിവരം അറിയിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

ഡാമുകളിൽ നിന്ന് മണൽ ശേഖരിക്കുന്ന പദ്ധതി

5501 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പുവക ഡാമുകളിൽ നിന്ന് മണൽ ശേഖരിച്ചു വിപണനം നടത്തുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ;

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എത്ര തുക ഈയിനത്തിൽ ലഭിച്ചുവെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**അരുവിക്കര, പേപ്പാറ ഡാമുകളുടെ സംഭരണശേഷിയും ശുദ്ധജലവിതരണവും**

5502 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, പേപ്പാറ ഡാമുകളിൽ ചെളിയും മണലും അടിഞ്ഞ് സംഭരണശേഷി കുറഞ്ഞിട്ടുള്ളത് സംബന്ധിച്ച് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.ഇ.ആർ.ഐ) പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഡാമുകളുടെ സംഭരണശേഷി എത്രമാത്രം കുറഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ട്;

(സി) സംഭരണിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളും ചെളിയും മാറ്റി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംഭരണിയിലെ ജലശേഖരത്തിൽ കോളീഫോം ബാക്ടീരിയ യുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്) നെടുമങ്ങാട് താലൂക്കിൽ അനുഭവപ്പെടുന്ന രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ സംഭരണശേഷി യുള്ള തെരഞ്ഞെടുക്കപ്പെടുന്ന ചിറക ളിൽ മൈക്രോ ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മംഗലം ഡാമിന്റെ മതിൽ നിർമ്മാണം**

5503 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മംഗലം ഡാമിന്റെ സുരക്ഷയ്ക്കായി മതിൽ നിർമ്മിക്കുന്നതിന് 4 കോടി രൂപ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**കര്‍ഷകര്‍ക്കായി ജലസേചന പദ്ധതി**

**5504 ശ്രീ. ബി. സത്യന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 20 ഹെക്ടര്‍ കൃഷി ഭൂമിയുളള പ്രദേശങ്ങളില്‍ കര്‍ഷകരെ സഹായിക്കാനായി ഇറിഗേഷന്‍ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പില്‍ വരുത്തുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയിലേയ്ക്ക് കൃഷി ഭൂമി തെരഞ്ഞെടുക്കപ്പെടുന്നതിനുളള മാനദണ്ഡം വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയില്‍ തെരഞ്ഞെടുക്കപ്പെടുന്ന കൃഷി ഭൂമിക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ജലസേചന വകുപ്പ് ഒരുക്കുന്നത് ;

(ഡി) ഈ പദ്ധതിയിലേയ്ക്ക് ആറ്റിങ്ങല്‍ നിയമസഭാ മണ്ഡലത്തില്‍ നിന്നും ഏതെല്ലാം പ്രോജക്ടുകള്‍ സര്‍ക്കാരിന് സമര്‍പ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കുട്ടനാട്ടിൽ ജങ്കാർ നിർമ്മാണം</u>

5505 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിനായി ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിൽ നിർമ്മാണം ആരംഭിച്ച ജങ്കാറുകളുടെ പണി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജങ്കാറുകളുടെ നിർമ്മാണത്തിന് ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ;

(ഡി) റീടെണ്ടർ ഏറ്റെടുത്ത സിൽക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ജങ്കാറുകളുടെ നിർമ്മാണത്തിനായി സിൽക്കിന് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**കൊട്ടാരക്കരയിലെ കുളങ്ങളുടെ സംരക്ഷണം**

5506 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽപെടുന്ന പ്രധാനപ്പെട്ടതും സംരക്ഷണവും നവീകരണവും ആവശ്യമുളളതുമായ കുളങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കുളങ്ങളുടെ നവീകരണത്തിന് ഈ സാമ്പത്തിക വർഷം എത്ര തുക ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>തെക്കേക്കാട്, ഇടയിലക്കാട്, മാടക്കാൽ ബണ്ടുകളുടെ സംരക്ഷണം</u>

**5507 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പാരിസ്ഥിതിക പ്രശ്നങ്ങളും അപകട ഭീഷണിയും നേരിടുന്ന തെക്കേക്കാട്, ഇടയിലക്കാട്, മാടക്കാൽ ബണ്ടുകളുടെ സംരക്ഷണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ**

5508

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ കമ്പ്യൂട്ടറൈസേഷൻ നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയെ ജിക്കാ (ജെ. ഐ. സി. എ.) പദ്ധതിയിൽപ്പെടുത്തി സംസ്ഥാന വ്യാപകമായി കമ്പ്യൂട്ടർവല്ക്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോൾ അക്കൗണ്ടിംഗിന് മാത്രമായി ടാലി എന്ന സോഫ്റ്റ് വെയർ വാങ്ങുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കേരള വാട്ടർ അതോറിറ്റി - കമ്പ്യൂട്ടർവല്ക്കരണം**

5509 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കേന്ദ്രീകൃത ബില്ലിംഗും കളക്ഷൻ സമ്പ്രദായവും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഒരു വൈഡ് ഏരിയാ നെറ്റ് വർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പൊതുജനങ്ങളുടെ പരാതികൾക്ക് അടിയന്തിര പരിഹാരം കാണുന്നതിന് "കംപ്ലയിന്റ് റിഡ്രെസ്സൽ സിസ്റ്റം" സ്ഥാപിക്കുമോ;

(സി) വിവിധ പദ്ധതികളുടെ അവലോകനം നടത്തുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**തൃക്കാക്കരയിൽ വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ്**

**5510 ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര കേന്ദ്രീകരിച്ച് വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലാ എങ്കിൽ പ്രസ്തുത സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയുടെ എടത്വ സെക്ഷൻ ഓഫീസ്</u>

5511 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള എടത്വ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തകർന്ന് ദ്രവിച്ച ഈ കെട്ടിടത്തിന് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സമയബന്ധിതമതായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>കിടങ്ങറ, എടത്വ സെക്ഷൻ ഓഫീസുകളിലെ ഓവർസിയർ ഒഴിവുകൾ</u>**

5512

**ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കിടങ്ങറ, എടത്വ സെക്ഷൻ ഓഫീസുകളിൽ ഓവർസീയർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിലെ ശമ്പള പരിഷ്ക്കരണം</u>

5513

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിലെ ശമ്പളപരിഷ്ക്കരണ ഉത്തരവ് എന്നാണ് പ്രാബല്യത്തിൽ വന്നത്;

(ബി) പ്രസ്തുത ഉത്തരവിന് ആധാരമായാണോ കെ. ഡബ്ള്യൂ. എ. യിലെ പെൻഷൻകാർക്കുളള പെൻഷൻ പരിഷ്ക്കരണ ഉത്തരവും പ്രാബല്യത്തിൽ വന്നത്; അല്ലെങ്കിൽ വ്യത്യസ്ത ഉത്തരവുകൾ ഇറക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) മുൻകാലങ്ങളിൽ ജീവനക്കാർക്കുള്ള ശമ്പള പരിഷ്ക്കരണ ഉത്തരവും പെൻഷൻകാർക്കുളള പെൻഷൻ പരിഷ്ക്കരണ ഉത്തരവും വ്യത്യസ്തമായാണോ ഇറക്കിയിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണ നടപടികൾ**

5514 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തോടൊപ്പം നടപ്പാക്കേണ്ട പെൻഷൻ പരിഷ്ക്കരണനടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണ നടപടികൾ എന്ന് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**എഞ്ചിനീയർമാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് മാറ്റിനിയമിക്കൽ**

5515 **ശ്രീ. ജി.എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2008-ൽ ജലസേചന വകുപ്പിൽ നിന്നും തദ്ദേശസ്വയം ഭരണ വകുപ്പിലേയ്ക്ക് എഞ്ചിനീയർമാരെ മാറ്റി നിയമിച്ചിരുന്നുവോ; എങ്കിൽ എത്ര എഞ്ചിനീയർമാരെ ഇപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് മാറ്റിയെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ജലസേചന വകുപ്പിൽനിന്നും എഞ്ചിനീയർമാരെ മറ്റൊരു വകുപ്പിലേയ്ക്ക് മാറ്റി നൽകുമ്പോൾ ഇതേക്കുറിച്ച് പഠനം നടത്താറുണ്ടോ; എങ്കിൽ 2008-ൽ എന്ത് പഠനമാണ് നടത്തിയതെന്നും അതിലെ ശുപാർശ എന്തായിരുന്നുവെന്നും അറിയിക്കുമോ;

(സി) ജലസേചന വകുപ്പിൽനിന്നും എഞ്ചിനീയർമാരെ മാറ്റി നൽകുമ്പോൾ പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളിലും, പ്രൊമോഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിലും ഉണ്ടാകാവുന്ന പ്രശ്നങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>എഞ്ചിനീയർമാരെ വകുപ്പുമാറ്റി നിയമിയ്ക്കൽ</u>

5516 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010ന് ശേഷം ജലവിഭവ വകുപ്പിൽ നിന്ന് എഞ്ചിനീയർമാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട രണ്ടു വകുപ്പുകളിലെയും മന്ത്രിമാരും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തമ്മിൽ കൂടിയാലോചന നടത്തിയിരുന്നുവോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ ;

(സി) 2011-ൽ എഞ്ചിനീയർമാരെ തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് മാറ്റുന്നത് സംബന്ധിച്ച് പഠനങ്ങളോ, നിർദ്ദേശങ്ങളോ നടത്തിയിരുന്നുവോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഡി) 2011-ൽ എഞ്ചിനീയർമാരെ മാറ്റി മറ്റൊരു വകുപ്പിന് നൽകിയത് ജലവിഭവ വകുപ്പിന്റെ താല്പര്യം സംരക്ഷിക്കാതെയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**വാട്ടർ അതോറിറ്റിയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക**

**5517** **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ എൽ.ഡി.ടൈപ്പിസ്റ്റിന്റെ എത്ര തസ്തികകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര എൽ.ഡി. ടൈപ്പിസ്റ്റുമാർ ജോലി ചെയ്യുന്നു; ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് ; ഇതിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ ; ഇതിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഇപ്പോൾ ആവശ്യമുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>എസ്. എൽ. ആർ വർക്കർ ആനന്ദന്റെ ആശ്രിതന് നിയമനം</u>

**5518**

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കല്പറ്റ കെ. ആർ. പി. സബ് ഡിവിഷൻ I-ലെ എസ്. എൽ. ആർ വർക്കർ കെ. ആനന്ദൻ മരണപ്പെട്ടത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനായി ആനന്ദന്റെ ആശ്രിതർ ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ചത് ആരാണെന്നും, അപേക്ഷിച്ച തീയതിയും അറിയിക്കാമോ;

(ഡി) ആശ്രിത നിയമന പ്രകാരം ജോലി നല്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണവും, എന്നത്തേയ്ക്ക് നിയമനം നൽകുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## വേമ്പനാട്ടുകായൽ ശുദ്ധീകരണ പദ്ധതി

5519

**ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലും അനുബന്ധ നദികളും കൂട്ടിയിണക്കി പുതിയ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് നടപ്പിലാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഈ ഏജൻസി ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതികൾ</u>

5520 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി ഒന്നാം ഘട്ടം എത്ര ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി ; എന്തെല്ലാം പ്രവൃത്തികളാണ് ഒന്നാം ഘട്ടത്തിൽ നടത്തിയത് ;

(ബി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ഒന്നാംഘട്ടം നടപ്പിലാക്കിയത് ;

(സി) ജലനിധി ഒന്നാം ഘട്ടം പ്രവൃത്തികൾക്കായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ജലനിധി രണ്ടാം ഘട്ടം ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ജലനിധി രണ്ടാം ഘട്ട പദ്ധതി തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ജലനിധി പദ്ധതി</u>

**5521**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രണ്ടാംഘട്ടം ജലനിധി പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ജലനിധി പദ്ധതി രണ്ടാം ഘട്ടം**

5522 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം 8 ജില്ലകളിലെ 200 പഞ്ചായത്തുകളിൽ ആരംഭിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ 143-ാം ഇനമായി പ്രഖ്യാപിച്ചിട്ടുളളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ ; 8 ജില്ലകളെ തെരഞ്ഞെടുത്തിട്ടുണ്ടോ ; പാലക്കാട് ജില്ലയെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവിടെ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് മുൻഗണന നൽകുന്നത്; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്ന സ്കീമുക ളുടെ വിശദാംശങ്ങളും നടപടികളുടെ മുൻഗണനാക്രമങ്ങളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ 'ജലനിധി' പദ്ധതി**

**5523** **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് ഈ വർഷം 'ജലനിധി' പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത്;**

(ബി) **ജലനിധി പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണ്;**

(സി) **ഇവയിൽ ഓരോന്നിലും ഏതു വർഷമാണ് ജലനിധി പദ്ധതി ആരംഭിച്ചത് എന്ന് വെളിപ്പെടുത്തുമോ ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കടമ്പ്രയാറിൽ ലോക്ക്-കം റഗുലേറ്റർ**

**5524** **ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടമ്പ്രയാറിൽ, കടമ്പ്രയാറിനും കോഴിച്ചിറക്കുമിടയിൽ ലോക്ക്-കം റഗുലേറ്റർ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കടമ്പ്രയാറിന്റെ ആഴം കൂട്ടി ബോട്ട് സർവ്വീസ് തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>റാന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

5525 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ ജോലികളാണ് ബാക്കിയുള്ളത് ; ഇത് പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

(ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി എത്ര കോടി രൂപയുടെ നിർമ്മാണത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; എന്നാണ് ഭരണാനുമതി നൽകിയത് ; ഇതിന്റെ ടെൻഡർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ; ഇതിന്റെ ആദ്യഘട്ട നിർമ്മാണത്തിനായി എന്തൊക്കെ നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ; എന്നത്തേക്ക് ടെൻഡർ ചെയ്യാൻ കഴിയും ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) റാന്നി നിയോജകമണ്ഡലത്തിലെ ഏഴുമാറ്റൂർ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഈ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; എന്നത്തേക്ക് ടെൻഡർ ചെയ്യാൻ കഴിയും ; വിശദാംശങ്ങൾ നൽകാമോ ;

(ഇ) റാന്നി മണ്ഡലത്തിൽ എസ്.എൽ.ഇ.സി.യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ ഓരോന്നിന്റെയും പേരും എസ്റ്റിമേറ്റ് തുകയും വ്യക്തമാക്കാമോ ;

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

(എഫ്) പെരുനാട്-അത്തികയം, എഴുമറ്റൂർ പദ്ധതികളുടെ രണ്ടാംഘട്ടത്തിന് ഡിറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് അനുസരിച്ച് എത്ര തുകയുടെ എസ്റ്റിമേറ്റ് വീതമാണ് വേണ്ടി വരിക; ഏറ്റവുമൊടുവിൽ എസ്. എൽ. ഇ. സി. റാന്നി നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നോ; ഉണ്ടെങ്കിൽ ഏത്; എടുത്ത തീരുമാനം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>കണ്ണിമംഗലം - പാണ്ടുപാറ കുടിവെള്ള പദ്ധതി</u>

5526

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്ത് 30 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 54 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും മലയോര പഞ്ചായത്തുകളായ മലയാറ്റൂർ, അയ്യമ്പുഴ തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചതുമായ കണ്ണിമംഗലം - പാണ്ടുപാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കുത്തന്നൂർ - പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതി**

**5527** **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുതന്നൂർ - പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ചേർത്തലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി</u>

5528 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ജെ.ഐ.സി.എ പൈപ്പ് ലൈൻ എക്സ്റ്റൻഷന് ചേർത്തല താലൂക്കിൽ എത്ര കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്; പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന് നടത്തുവാനാണുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കാസർഗോഡ് മുന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ കുടിവെള്ള പദ്ധതി**

**5529 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ വില്ലേജുകളിലായി വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ ഡി.പി.ആർ.-ൽ വിതരണ ശൃംഖലയുടെ നീളം എത്രയായിരുന്നു ;

(സി) ഇപ്പോൾ എത്ര കി.മീ. വിതരണ ശൃംഖലയാണ് വാട്ടർ അതോറിറ്റി സ്ഥാപിക്കുന്നത് ;

(ഡി) ഈ പദ്ധതിയുടെ ഡി.പി.ആർ.-ൽ സൂചിപ്പിച്ചിട്ടുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>നേമത്തെ കല്ലടിച്ചുംമൂല ജഡ്ജിക്കുന്ന് ജലവിതരണ പദ്ധതി</u>

5530 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുവല്ലം മേഖലയിൽപ്പെടുന്ന പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ എന്നീ നഗരസഭാ വാർഡുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കല്ലടിച്ചുംമൂല ജഡ്ജിക്കുന്ന് ജലവിതരണ പദ്ധതി വാട്ടർ അതോറിറ്റി, ജെ.ബി.ഐ.സി., ജെൻറം, ജൈക്കാ, പൊതുമരാമത്ത് തുടങ്ങിയ ഏജൻസികളുടെ/വകുപ്പുകളുടെ പരസ്പര ശീതസമരം കാരണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിച്ച് ഈ ജലവിതരണ പദ്ധതി എന്ന് കമ്മീഷൻ ചെയ്യുമെന്നും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>അലീഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ മലപ്പുറം സെന്ററിലെ ജലക്ഷാമം</u>**

**5531**

**ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അലീഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ മലപ്പുറം സെന്ററില്‍ ആവശ്യത്തിന് ജലലഭ്യത ഇല്ലെന്നുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്ററില്‍ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് തൊട്ടടുത്തുള്ള തൂതപ്പുഴയില്‍ നിന്ന് വെള്ളം ശേഖരിച്ച് ക്യാമ്പസില്‍ എത്തിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കില്‍ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം</u>

5532

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളായ മലയാറ്റൂർ- നീലീശ്വരം പഞ്ചായത്തിലെ 70 ഓളം ഹരിജൻ കുടുംബങ്ങൾ താമസിയ്ക്കുന്ന നവോദയപുരം(ചീത്തപ്പാറ) ഹരിജൻ കോളനിയിലേയും, അയ്യംമ്പുഴ പഞ്ചായത്തിലെ കാരേക്കാട്ടിലെയും രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**പെരുമ്പാവൂര്‍ കുന്നക്കാട്ടുമല നിവാസികളുടെ പരാതി**

**5533 ശ്രീ. സാജു പോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പെരുമ്പാവൂര്‍ ഒക്കല്‍ ഗ്രാമപഞ്ചായത്തിലെ കുന്നക്കാട്ടുമല സ്വദേശികളായ 200 നടുത്ത് ഗാര്‍ഹിക ഉപഭോക്താക്കള്‍ വാട്ടര്‍ അതോറിറ്റി വിതരണം ചെയ്ത ഉപയോഗയോഗ്യമല്ലാതിരുന്ന ജലത്തിന്റെ വില അടക്കുന്നതില്‍ നിന്നും ഒഴിവാക്കുന്നതിന് നല്‍കിയ അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) പണമടക്കാനുള്ളവരുടെയും കുടിശ്ശിക തുകയുടെയും വിശദവിവരം അറിയിക്കുമോ;

(സി) മലിനജലത്തിന്റെ പണം അടക്കുന്നതില്‍നിന്നും പ്രസ്തുത ഉപഭോക്താക്കളെ ഒഴിവാക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) പൂര്‍ത്തിയായ നബാര്‍ഡ് കുടിവെള്ള പദ്ധതിയില്‍ നിന്ന് കുന്നക്കാട്ടുമല നിവാസികള്‍ക്ക് പുതിയ കണക്ഷന്‍ അനുവദിക്കുമോ; കുടിശ്ശിക ഒഴിവാക്കി പുതിയ കണക്ഷന്‍ നല്‍കാനാവില്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ

# 06.07.2012-ലെ മറുപടിക്ക്

**<u>നഗരസഭാ നമ്പർ ഇല്ലാത്തവർക്കും കുടിവെള്ള കണക്ഷൻ</u>**

**5534** **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം വെള്ളയമ്പലത്തുള്ള കേന്ദ്രീകൃത കണക്ഷൻ നൽകുന്ന വിഭാഗം, നേമം മണ്ഡലത്തിലെ നെടുങ്കാട് വാർഡിൽ താമസിക്കുന്ന കൈവശരേഖ, കരം തീരുവ, ഉടമസ്ഥാവകാശം എന്നിവ ഉള്ള ഉപഭോക്താക്കൾക്ക് നഗരസഭാ നമ്പർ ഇല്ലാ എന്ന കാരണം പറഞ്ഞ് കുടിവെള്ള കണക്ഷൻ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുടിവെള്ളം ലഭിക്കാനുള്ള ഭരണഘടനാപരമായ അവകാശം പ്രസ്തുത ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**ജലശുദ്ധീകരണ മാർഗ്ഗങ്ങൾ**

5535

**ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മിക്ക നഗര ശുദ്ധജല വിതരണ പദ്ധതികളുടേയും പമ്പുസെറ്റുകളും മോട്ടോറുകളും ഭാഗികമായി നാശോന്മുഖമായിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) നഗര പ്രദേശങ്ങളിൽ വിതരണം ചെയ്യപ്പെടുന്ന ജലം ശുദ്ധീകരിക്കുന്നതിനായി നിലവിൽ സ്വീകരിക്കുന്ന മാർഗ്ഗം നവീകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) ഒറ്റപ്പാലം നഗര ശുദ്ധജല വിതരണ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി</u>

5536 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുടെ പ്രവർത്തനത്തിനായി ഓഫീസ് പ്രവർത്തിക്കു ന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷനും മറ്റുമായി ഇതുവരെ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**നെൻമാറ പലകപ്പാണ്ടി പദ്ധതി**

5537 **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെൻമാറ മണ്ഡലത്തിലെ പലകപ്പാണ്ടി പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പലകപ്പാണ്ടി പദ്ധതിയുടെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഇതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കല്യാശ്ശേരിയിലെ നബാർഡ് XVII സ്കീമിലെ പദ്ധതികൾ**

5538 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ആർ. ഐ. ഡി. എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കടലോരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കാൻ നടപടി</u>

5539 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകരയിൽ ആവശ്യത്തിന് കടൽഭിത്തി നിർമ്മിക്കാത്തതിന്റെ ഫലമായി പലഭാഗത്തും കടൽക്ഷോഭം കൊണ്ട് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കടലോരങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിച്ചാൽ ഒരു പരിധിവരെ തീരത്ത് നാശനഷ്ടങ്ങൾ ഒഴിവാക്കാനാകുമോ ;

(സി) എങ്കിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗവുമായി ചേർന്ന് കടൽത്തീരങ്ങളിൽ കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>കനാലുകളുടെ ആഴം കൂട്ടാൻ നടപടി</u>

5540 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി തോട്, ചങ്ങാടം പോക്ക് കനാൽ, തേവര പേരണ്ടൂർ കനാൽ എന്നിവയുടെ ആഴം കൂട്ടി ജല നിർഗ്ഗമനം സുഗമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ;

(സി) ഈ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ സ്റ്റേറ്റ്ലെവൽ എംപവേർഡ് കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നിർമ്മാണം**

5541 **ശ്രീ. തോമസ് ഉണ്ണിയാടൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ;

(സി) കനാലിന്റെ നിർമ്മാണം എന്ന് പൂർണ്ണമാകും?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## സംസ്ഥാന ജലപാതയും വടകര-മാഹി കനാലും

5542

**ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ നിർമ്മാണത്തിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സംസ്ഥാന ജലപാതയുടെ നിർമ്മാണം എത്ര ദൂരം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനി എത്ര ദൂരം പൂർത്തിയാക്കാനുണ്ടെന്നും ഏതെല്ലാം ഭാഗങ്ങളിലാണ് നിർമ്മാണം പൂർത്തിയാക്കാനുള്ളതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന ജലപാതയുടെ നിർമ്മാണത്തിന് മൊത്തം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഏതൊക്കെ ഭാഗങ്ങളിലാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ?